# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2349

## 12/02/2020 ലെ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ് | ശ്രീ.തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### ട്രഷറി നിയന്ത്രണം

| | |
|---|---|
| (എ) 2020 ഫെബ്രുവരി 1 വരെ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | പ്രാദേശിക സർക്കാരുകളുടെ 06/02/2020 വരെയുള്ള പദ്ധതിച്ചെലവുകളാണ് ലഭ്യമായിരിക്കുന്നത്. |
| (ബി) ട്രഷറി നിയന്ത്രണം മൂലം, പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനം പൂർത്തിയാക്കി സമർപ്പിച്ച ബില്ലുകൾ മാറി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബിൽ ഡിസ്കൗണ്ടിംഗ് മുഖേനയും നേരിട്ടും ക്രമപ്രകാരം ബില്ലുകൾ മാറി നൽകുന്നുണ്ട്. |
| (സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം അനുവദിക്കാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കുമോ; | അനുവദിച്ചിട്ടുണ്ട്. |

| തലം | പദ്ധതിച്ചെലവ് (തുക കോടിയിൽ) |
|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | 258.51 |
| മുനിസിപ്പാലിറ്റി | 375.79 |
| ജില്ലാ പഞ്ചായത്ത് | 312.72 |
| ബ്ലോക്ക് പഞ്ചായത്ത് | 445.27 |
| ഗ്രാമ പഞ്ചായത്ത് | 1631.42 |
| ആകെ | 3023.71 |

| | |
|---|---|
| (ഡി) നിലവിൽ ഏതെല്ലാം തരത്തിലുള്ള ട്രഷറി നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേ സമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിന് വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നതിനു പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**